# ALL INDIA RADIO THIRUVANANTHAPURAM

## ആകാശവാണി, തിരുവനന്തപുരം
## പ്രാദേശിക വാർത്തകൾ

**TIME: 06.30 PM** **DATE: 04.01.2025**

### പ്രധാനവാർത്തകൾ

1. ചരിത്ര നേട്ടം കൈവരിച്ച് ഐ.എസ്.ആർ.ഒ. ഇന്ത്യയുടെ ആദ്യത്തെ സ്പേയ്സ് റോബോട്ടിക് ആം ബഹിരാകാശത്ത് പ്രവർത്തനക്ഷമമായി.

2. കലാപൂരത്തിന് തിരുവനന്തപുരത്ത് അരങ്ങുണർന്നു. 30 ഇനങ്ങൾ പൂർത്തിയായപ്പോൾ 101 പോയിൻ്റ് വീതം നേടി കോഴിക്കോടും കണ്ണൂരും തൃശൂരും ഒന്നാമത്.

3. പ്രകൃതിയുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് കൂട്ടായ പ്രയത്നം ആവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡലുകൾ വിതരണം ചെയ്തു.

4. സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ കൂടുതൽ അതിഥിമന്ദിരങ്ങൾ ആരംഭിക്കുമെന്ന് മന്ത്രി പി എ മുഹമ്മദ് റിയാസ്.

5. ഐഎസ്എൽ ഫുട്ബോളിൽ ഇന്ന് ജംഷഡ്പൂർ എഫ്സി- ബെംഗളൂരു എഫ്സി പോരാട്ടം.

****************************************

## ഐ.എസ്.ആർ.ഒ

ഇന്ത്യയുടെ ആദ്യത്തെ സ്പേയ്സ് റോബോട്ടിക് ആം ബഹിരാകാശത്ത് പ്രവർത്തനക്ഷമമായതായി ISRO. ബഹിരാകാശ റോബോട്ടിക്സിൽ രാജ്യത്തിന് അഭിമാനകരമായ നാഴികക്കല്ലാണിത്. VSSC യുടെ CROPS ദൗത്യത്തിൻറെ ഭാഗമായി നാല് ദിവസം കൊണ്ട് ബഹിരാകാശത്ത് പയർ വിത്തുകൾ വിജയകരമായി മുളപ്പിച്ചതായും ISRO അറിയിച്ചു.

************************************

## പ്രധാനമന്ത്രി - ഗ്രാമീൺ മഹോത്സവ്

ഗ്രാമീണ ഇന്ത്യയെ വളർച്ചയുടെയും അവസരങ്ങളുടെയും ഊർജ്ജസ്വല കേന്ദ്രങ്ങളാക്കാൻ കേന്ദ്രസർക്കാർ പ്രതിജ്ഞാബദ്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി. ഗ്രാമീൺ ഭാരത് മഹോത്സവ് 2025 ന്യൂഡൽഹിയിൽ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഈ മാസം 9 വരെ ഭാരത് മണ്ഡപത്തിൽ സംഘടിപ്പിക്കുന്ന മഹോത്സവത്തിൽ പങ്കെടുക്കുന്ന കരകൗശല വിദഗ്ധരുമായി പ്രധാനമന്ത്രി സംവദിച്ചു.

RNJ TVPM

************************************

## സംസ്ഥാന സ്കൂൾ കലോത്സവം

തിരുവനന്തപുരത്ത് നടക്കുന്ന 63-ാമത് കേരള സംസ്ഥാന സ്കൂൾ കലോത്സവത്തിൻറെ വേദികൾ സജീവം. ആകെ 58 ഇനങ്ങളാണ് ഇന്ന് ഉള്ളത്. 30 ഇനങ്ങൾ പൂർത്തിയായപ്പോൾ 101 പോയിൻറ് വീതം നേടി കോഴിക്കോടും കണ്ണൂരും തൃശൂരുമാണ് ഒന്നാമത്. 99 വീതം പോയിൻറുമായി എറണാകുളവും കൊല്ലവും

ആലപ്പുഴയുമാണ് രണ്ടാമത്. 96 പോയിൻറുമായി പാലക്കാട് ആണ് മൂന്നാമത്. നാളെ മുതൽ 25 വേദികളിലും മത്സരങ്ങളുണ്ടാകും. കലോത്സവത്തിൻറെ ഔപചാരിക ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിച്ചു. പുത്തരിക്കണ്ടം മൈതാനത്ത് പൊതുവിദ്യാഭ്യാസവകുപ്പ് ഒരുക്കിയ ഫോട്ടോ പ്രദർശനം മന്ത്രി വി. ശിവൻകുട്ടി ഉദ്ഘാടനം ചെയ്തു.

************************************

## വെള്ളാർമല സംഘനൃത്തം

ഉരുൾപൊട്ടലിൽ തകർന്ന വയനാട്ടിലെ വെള്ളാർമല സ്കൂളിനെ ചേർത്തു പിടിച്ച് സംസ്ഥാന സ്കൂൾ കലോത്സവം. വെള്ളാർമല സ്കൂളിലെ കുട്ടികളുടെ സംഘനൃത്തം കലോത്സവ വേദിയിൽ അരങ്ങേറി. നാടിൻറെ ഐക്യത്തിൻറെയും ആത്മവീര്യത്തിൻറെയും പ്രതീകമാണ് കുട്ടികളുടെ നൃത്തമെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെട്ടു.

RNU TVPM

************************************

## കലോത്സവം- വീണാ ജോർജ്

കലോത്സവ വേദികളിൽ ഡോക്ടർമാരുടെ സേവനം ഉറപ്പാക്കിയിട്ടുണ്ടെന്ന് ആരോഗ്യ മന്ത്രി വീണാ ജോർജ്. പ്രധാന വേദികളിൽ ഡോക്ടർമാർ ഉൾപ്പെട്ട മെഡിക്കൽ ടീമിൻറെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. 25 വേദികളിലും ഫസ്റ്റ് എയ്ഡ് ടീം പ്രവർത്തിക്കുന്നുണ്ട്. ആവശ്യമെങ്കിൽ കൂടുതൽ ടീമിനെ നിയോഗിക്കുമെന്നും മന്ത്രി പറഞ്ഞു.

************************************

## മുഖ്യമന്ത്രി-ഫോറസ്റ്റ് മെഡൽ - ഇൻട്രോ

കേരളത്തിലെ വനവിസ്തൃതി നഷ്ടമാകാതെ നിലനിർത്തുന്നതിന് വലിയ ശ്രമങ്ങളാണ് സംസ്ഥാന സർക്കാർ നടത്തി വരുന്നതെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. വിശിഷ്ട സേവനത്തിനുള്ള മുഖ്യമന്ത്രിയുടെ ഫോറസ്റ്റ് മെഡലുകളുടെ വിതരണം തിരുവനന്തപുരത്ത് നിർവഹിക്കുകയായിരുന്നു അദ്ദേഹം. പ്രകൃതിയുടെ സ്വാഭാവിക ആവാസവ്യവസ്ഥകൾ സംരക്ഷിക്കുന്നതിന് കൂട്ടായ പ്രയത്നം ആവശ്യമാണെന്നും മുഖ്യമന്ത്രി അഭിപ്രായപ്പെട്ടു.

(വോയിസ്.....)

വനം മന്ത്രി എ കെ ശശീന്ദ്രൻ ചടങ്ങിൽ അധ്യക്ഷനായി. വനം വന്യജീവി സംരക്ഷണവുമായി ബന്ധപ്പെട്ട മാതൃകാപരമായ സേവനങ്ങൾക്ക് 2023 ൽ 25 പേരും 2024 - ൽ 26 പേരുമാണ് അവാർഡിന് അർഹരായത്.

RNU TVPM

************************************

## അവയവദാനം - വീണാജോർജ്

പുതുവർഷദിനം ബാംഗ്ലൂരിൽ ഉണ്ടായ റോഡ് അപകടത്തിൽ മസ്തിഷ്ക മരണം സംഭവിച്ച മലയാളി വിദ്യാർത്ഥി അലൻ അനുരാജിൻറെ അവയവങ്ങൾ എട്ട് പേരിലൂടെ ജീവിക്കും. ഹൃദയം, വൃക്കകൾ, പാൻക്രിയാസ്, ശ്വാസകോശം, കരൾ, നേത്ര പടലം എന്നിവയാണ് ദാനം ചെയ്തത്. അവയവങ്ങൾ കർണാടകയിലെ വിവിധ ആശുപത്രികൾക്ക് കൈമാറി. അലൻറെ കുടുംബത്തിനെ നന്ദി അറിയിച്ച ആരോഗ്യ മന്ത്രി വീണാ ജോർജ് കുടുംബത്തിൻറെ ദുഃഖത്തിൽ പങ്കുചേരുന്നതായും പറഞ്ഞു.

************************************

## വയനാട് പുനരധിവാസം യോഗം

വയനാട് ഉരുൾപൊട്ടൽ ബാധിതരുടെ പുനരധിവാസത്തിന് വീടുകൾ സ്പോൺസർ ചെയ്യുവരുടെ യോഗം മുഖ്യമന്ത്രിയുടെ അധ്യക്ഷതയിൽ ചേർന്നു. 100ൽ താഴെ വീടുകളാണ് സ്പോൺസർ ചെയ്തിട്ടുള്ളത്. സ്പോൺസർഷിപ്പുമായി ബന്ധപ്പെട്ട വിവരങ്ങൾ ഉൾക്കൊള്ളിച്ച് വെബ്പോർട്ടൽ തയ്യാറാക്കും. വീട് നിർമാണവുമായി ബന്ധപ്പെട്ട ചെലവുകൾ വിലയിരുത്തി പരമാവധി സഹായം നൽകുമെന്ന് സ്പോൺസർമാർ അറിയിച്ചു. പിന്തുണയ്ക്ക് നന്ദി അറിയിച്ച മുഖ്യമന്ത്രി ഒറ്റക്കെട്ടായി പുനരധിവാസം പൂർത്തിയാക്കാമെന്നും പറഞ്ഞു.

RNU TVPM

************************************

## വീണാജോർജ്- വൈറസ്

ചൈനയിൽ വൈറസ് പടരുന്നതുമായി ബന്ധപ്പെട്ട് വരുന്ന വാർത്തകളിൽ സംസ്ഥാനത്ത് ആശങ്ക വേണ്ടെന്ന് മന്ത്രി വീണാജോർജ്. ഗർഭിണികൾ, പ്രായമുള്ളവർ, ഗുരുതര ആരോഗ്യ പ്രശ്നമുള്ളവർ എന്നിവർ മാസ്ക് ധരിക്കുന്നത് അഭികാമ്യമാണെന്നും മന്ത്രി പറഞ്ഞു. സംസ്ഥാനം സസൂക്ഷ്മം സ്ഥിതിഗതികൾ വിലയിരുത്തുന്നുണ്ടെന്നും മന്ത്രി പറഞ്ഞു.

************************************

## മൂന്നാർ ടൂറിസം

സംസ്ഥാനത്തെ വിനോദസഞ്ചാരകേന്ദ്രങ്ങളിൽ ടൂറിസം വകുപ്പ് കൂടുതൽ അതിഥിമന്ദിരങ്ങൾ ആരംഭിക്കുമെന്ന് ടൂറിസം മന്ത്രി പി എ മുഹമ്മദ് റിയാസ്. മൂന്നാറിലെ

സർക്കാർ അതിഥിമന്ദിരത്തോട് ചേർന്ന് വിനോദസഞ്ചാര വകുപ്പ് നിർമ്മിച്ച പുതിയ കെട്ടിടത്തിൻറെ ഉദ്ഘാടനം നിർവഹിക്കുകയായിരുന്നു അദ്ദേഹം. ഗുരുവായൂരിലും, പൊൻമുടിയിലും പുതിയ ഗസ്റ്റ്ഹൗസ് കെട്ടിടങ്ങൾ ഈ വർഷം പ്രവർത്തനം ആരംഭിക്കുമെന്നും മന്ത്രി പറഞ്ഞു.

**************************************

## നല്ല വാർത്ത

ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താ വിഭാഗം അവതരിപ്പിക്കുന്ന പ്രത്യേക പരിപാടിയായ "നല്ല വാർത്ത" എല്ലാ ശനിയാഴ്ചയും വൈകുന്നേരം 6.40 ന് പ്രക്ഷേപണം ചെയ്യുന്നു. പ്രാദേശിക വാർത്തകൾക്ക് ശേഷം നല്ല വാർത്ത കേൾക്കാവുന്നതാണ്.

RNU TVPM

**************************************

## ഉമ തോമസ് ചികിത്സ

ഗുരുതര പരിക്കേറ്റ് കൊച്ചിയിൽ ചികിത്സയിൽ കഴിയുന്ന ഉമ തോമസ് എംഎൽഎ യെ വെൻറിലേറ്ററിൽ നിന്ന് മാറ്റി. ശ്വാസകോശത്തിന് പുറത്ത് നീർക്കെട്ട് ഉണ്ടെങ്കിലും ആരോഗ്യ നില തൃപ്തികരമാണെന്ന് ഡോക്ടർമാർ അറിയിച്ചു. കലൂർ ജവഹർലാൽ നെഹ്റു അന്താരാഷ്ട്ര സ്റ്റേഡിയത്തിലെ ഗ്യാലറിയിൽ നിന്ന് വീണാണ് എംഎൽഎയ്ക്ക് പരിക്ക് പറ്റിയത്.

**************************************

## ബേപ്പൂർ - ഇൻട്രോ

ബേപ്പൂർ അന്താരാഷ്ട്ര വാട്ടർ ഫെസ്റ്റിൻറെ സീസൺ നാലിന്ന് തുടക്കമായി. സന്ദർശകർക്ക് കപ്പൽ

കാഴ്ചവിരുന്നൊരുക്കാൻ ഇന്ത്യൻ നാവിക സേനയുടെ ഐ.എൻ.എസ് കബ്രയും കോസ്റ്റ് ഗാർഡിൻറെ ഐ.സി.ജി.എസ് അനഘും ബേപ്പൂർ തുറമുഖത്ത് നങ്കുരമിട്ടു.

**വിശദാംശങ്ങളുമായി ആകാശവാണി കോഴിക്കോട് ജില്ലാ പ്രതിനിധി നസീർ ബാബു...**

(വോയ്സ്)

************************************

## ഐഎസ്എൽ

ഐഎസ്എൽ ഫുട്ബോളിൽ ഒഡീഷ എഫ്സി- എഫ്സി ഗോവ മത്സരം പുരോഗമിക്കുന്നു. ഭുവനേശ്വറിലെ കലിംഗ സ്റ്റേഡിയത്തിലാണ് മത്സരം. ഒടുവിൽ വിവരം ലഭിക്കുമ്പോൾ ഗോവ നാല് ഗോൾ നേടിയിട്ടുണ്ട്. 7.30ന് നടക്കുന്ന മത്സരത്തിൽ ജംഷഡ്പൂർ എഫ്സി ബെംഗളൂരു എഫ്സിയെ നേരിടും.

RNU TVPM

************************************

## ക്രിക്കറ്റ്

സിഡ്നിയിൽ നടക്കുന്ന ഇന്ത്യ-ഓസ്ട്രേലിയ ബോർഡർ ഗാവസ്കർ ടെസ്റ്റ് ക്രിക്കറ്റ് പരമ്പരയിലെ അവസാന മത്സരത്തിൻറെ രണ്ടാം ഇന്നിംഗ്സിൽ ഇന്ത്യയ്ക്ക് 145 റൺസിൻറെ ലീഡ്. ആദ്യ ഇന്നിഗ്സിൽ ഇന്ത്യയുടെ 185 റൺസിനു മറുപടിയായി ഓസ്ട്രേലിയ 181 റൺസ് എടുത്ത് പുറത്തായി. പരമ്പരയിൽ രണ്ട് ജയവുമായി ഓസ്ട്രേലിയയാണ് മുന്നിൽ.

************************************

## ശബരിമല - ബി. എസ്. എൻ. എൽ

ശബരിമലയിൽ 4G , സൗജന്യ ഇന്റർനെറ്റ്, ബ്രോഡ്ബാൻറ് സൗകര്യങ്ങളൊരുക്കി ബിഎസ്എൻഎൽ. 2024 ഓഗസ്റ്റിൽ നിലക്കൽ മുതൽ സന്നിധാനം വരെയുള്ള 23 മൊബൈൽ സൈറ്റുകൾ BSNL 4-ജി ആക്കി നവീകരിച്ചിരുന്നു. സന്നിധാനം, പമ്പ, നിലക്കൽ എന്നിവിടങ്ങളിലാണ് സൗജന്യ വൈഫൈ പോയിൻറുകൾ സ്ഥാപിച്ചിരിക്കുന്നത്. അരമണിക്കൂറാണ് ഈ സേവനം ഉപയോഗിക്കാൻ കഴിയുക.

************************************

## മുള്ളരിങ്ങാട് - ഫെൻസിങ്ങ് സ്ഥാപിക്കും

ഇടുക്കി മുള്ളരിങ്ങാട് വനാതിർത്തിയോടു ചേർന്ന ജനവാസ മേഖലയിൽ ഫെൻസിങ്ങ് സ്ഥാപിക്കാൻ പി ജെ ജോസഫ് എംഎൽഎയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. 10 കിലോമീറ്ററോളം ദൂരത്തിൽ ഫെൻസിംഗ് സ്ഥാപിക്കണം. ഇതിനായി 10 ലക്ഷം രൂപ എംഎൽഎയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും എട്ടു ലക്ഷം രൂപ എംപി ഫണ്ടിൽ നിന്ന് നൽകാനും തീരുമാനിച്ചു.

PRU TVPM

************************************

## മത്സ്യബന്ധന ഗ്രാമ വികസനം - ജോർജ് കുര്യൻ

കേരളത്തിലെ 6 തീരദേശ ഗ്രാമങ്ങളെ കേന്ദ്ര പദ്ധതിയിൽ ഉൾപ്പെടുത്തിയുള്ള വികസന പ്രവർത്തനങ്ങൾ ഊർജിതമായി പുരോഗമിക്കുന്നു. കാലാവസ്ഥ മാറ്റങ്ങളെ പ്രതിരോധിക്കുന്ന തരത്തിൽ തയ്യാറാക്കിയിരിക്കുന്ന Climate Resilient Coastal Fishermen Villages - പദ്ധതിയിൽ രാജ്യത്തുടനീളമുള്ള 100 തീരദേശ മത്സ്യബന്ധന ഗ്രാമങ്ങൾ

തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ട്. കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ വിവിധ ജില്ലകളിലെ വികസന പദ്ധതികൾ നേരിട്ട് അവലോകനം ചെയ്യു.

*************************************

## ചരമം - പി എൻ പ്രസന്നകുമാർ

മുതിർന്ന മാധ്യമപ്രവർത്തകനും വീക്ഷണം ദിനപത്രം സീനിയർ ഡെപ്യൂട്ടി എഡിറ്ററുമായിരുന്ന പി എൻ പ്രസന്നകുമാർ കൊച്ചിയിൽ അന്തരിച്ചു. 74 വയസ്സായിരുന്നു. ഭൗതികശരീരം നാളെ വൈകിട്ട് കൊച്ചി വീക്ഷണം ഓഫീസിലും, എറണാകുളം പ്രസ് ക്ലബ്ബിലും, കോൺഗ്രസ് ഡിസിസി ഓഫീസിലും പൊതുദർശനത്തിന് വയ്ക്കും. സംസ്കാരം തിങ്കളാഴ്ച രാവിലെ 11 ന് പച്ചാളം പൊതുശ്മശാനത്തിൽ.

*************************************

## സ്വർണം

സ്വർണവില കുറഞ്ഞു. ഗ്രാമിന് 45 രൂപ കുറഞ്ഞ് 7,215 രൂപയും, പവന് 360 രൂപ താഴ്ന്ന് 57,720 രൂപയുമാണ് ഇന്നത്തെ വില.

*************************************

## എ.കെ ശശീന്ദ്രൻ

കേരള ഫോറസ്റ്റ് ഭേദഗതി ബിൽ സംബന്ധിച്ച് പൊതുജനങ്ങൾ, സന്നദ്ധ സംഘടനകൾ, നിയമജ്ഞർ തുടങ്ങിയവർക്ക് അഭിപ്രായങ്ങളും നിർദ്ദേശങ്ങളും അറിയിക്കാനുള്ള അവസാന തീയതി ഈ മാസം 10 വരെ ദീർഘിപ്പിച്ചതായി വനം മന്ത്രി എ. കെ. ശശീന്ദ്രൻ.

RNU TVPM

നിർദ്ദേശങ്ങൾ വനം-വന്യജീവി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ഔദ്യോഗിക വിലാസത്തിലോ ഇ-മെയിൽ വിലാസത്തിലോ സമർപ്പിക്കാം.

**************************************************

**********************************

*********************

RNU TVPM